269

2786
22/09/2017

**ഭരണഭാഷ - മാതൃഭാഷ**

നം. ഇഎക്സ്.സി./777/2017-എക്സ്.എ.6

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി : 20/09/2017

**സർക്കുലർ**

വിഷയം:- എക്സൈസ് - എൻഫോഴ്സ്മെന്റ് - നിലവാരമുള്ള കേസുകൾ കണ്ടെടുക്കുന്ന ഉദ്യോഗസ്ഥർക്ക് സീക്രട്ട് സർവ്വീസ് ഫണ്ട് അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന:- എക്സൈസ് കമ്മീഷണറുടെ 18/09/2017 തീയതിയിലെ പ്രതിമാസ എൻഫോഴ്സ്മെന്റ് അവലോകന യോഗത്തിലെ തീരുമാനം.

എക്സൈസ് കമ്മീഷണറുടെ 18/09/2017 തീയതിയിലെ പ്രതിമാസ എൻഫോഴ്സ്മെന്റ് അവലോകന യോഗത്തിൽ, അബ്കാരി കേസുകളെ അപേക്ഷിച്ച് എല്ലാ ഡിവിഷനുകളിലും എൻ.ഡി.പി.എസ്. കേസുകളുടെ എണ്ണം വളരെ കുറവാണെന്നും കണ്ടെടുക്കുന്ന കേസുകളുടെ നിലവാരം താരതമ്യേന മോശമാണെന്നും വിലയിരുത്തിയിട്ടുള്ളതാണ്. അനുകാലിക സാമൂഹിക സാഹചര്യത്തിൽ, കഞ്ചാവ്, നാർക്കോട്ടിക് മരുന്നുകൾ, ലഹരി ഗുളികകൾ, അടക്കമുള്ളവയുമായി ബന്ധപ്പെട്ട എൻ.ഡി.പി.എസ്. കേസുകൾക്കും സ്പിരിറ്റ് കേസുകൾക്കും കൂടുതൽ പ്രാധാന്യം നൽകേണ്ട സ്ഥിതിവിശേഷമാണ് നിലവിലുള്ളത്.

ഈ സാഹചര്യത്തിൽ, നിലവാരമുള്ള എൻ.ഡി.പി.എസ്. കേസുകളും അനധികൃത സ്പിരിറ്റും കണ്ടെത്തുന്നതിന് പ്രഥമ പരിഗണന നൽകി, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് എല്ലാ എക്സൈസ് ഉദ്യോഗസ്ഥരും ശ്രദ്ധിക്കണമെന്ന് നിർദ്ദേശിക്കുന്നു. ഇത്തരം കേസുകൾ കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്ക് പ്രോത്സാഹനമായി, ടി കേസുകളുടെ കണ്ടെത്തൽ, അന്വേഷണം തുടങ്ങിയ ആവശ്യങ്ങൾക്കുവേണ്ടി താഴെ പറയുന്ന പ്രകാരം സീക്രട്ട് സർവ്വീസ് ഫണ്ട് ലഭ്യമാക്കുന്നതിന് നിശ്ചയിച്ചിരിക്കുന്നു.

| | | |
|---|---|---|
| സ്പിരിറ്റ് | 10 ലിറ്ററിന് മുകളിൽ ഓരോ 1000 ലിറ്ററിനും | 1000 രൂപ (പരമാവധി 10000 രൂപ) |
| കഞ്ചാവ് | ഓരോ കിലോഗ്രാമിനും | 1000 രൂപ (പരമാവധി 5000 രൂപ) |
| ബ്രൗൺ ഷുഗർ<br>ഹെറോയിൻ<br>കൊക്കെയ്ൻ<br>LSD/ MDMA etc. | ഓരോ ഗ്രാമിനും | 1000 രൂപ (പരമാവധി 5000 രൂപ) |

ഒപ്പ്/-
**എക്സൈസ് കമ്മീഷണർ**

22/9/17
MW
584-1

പകർപ്പ്:- 1. അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോ) / (ഭരണം), ഫിനാൻസ് ഓഫീസർ
2. ജോയിന്റ്/ ഡെപ്യൂട്ടി/ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (എല്ലാം); ടി സർക്കുലർ എല്ലാ എക്സൈസ് ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽ പെടുത്തേണ്ടതാണ്.
3. ഉത്തരവ് ഫയൽ / കരുതൽ ഫയൽ.

അംഗീകാരത്തോടെ